**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2712** **02-08-2021 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് സമയബന്ധിത നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri Ahammad Devarkovil**<br>**(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം രാജ്യാന്തര തുറമുഖ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ ; | (എ) | വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ബഹു. മുഖ്യമന്ത്രിയും തുറമുഖ വകുപ്പ് മന്ത്രിയും ചീഫ് സെക്രട്ടറിയും വകുപ്പ് സെക്രട്ടറിയും വിലയിരുത്തുന്നുണ്ട്. സർക്കാരിന്റെ സ്പെഷ്യൽ പ്രോജക്ടുകളെ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള Additional Chief Secretary (Special Projects – Infrastructure) യും പദ്ധതിയുടെ പുരോഗതി ഓരോ മാസവും അവലോകനം ചെയ്തുവരുന്നു. ആവശ്യമായ വിലയിരുത്തലുകൾ നടത്തി റിപ്പോർട്ട് ചെയ്യുന്നതിന് IAS കേഡറിലുള്ള ഒരു Special Project Director നെയും നിയമിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (ബി) | തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 3 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കുന്നതിനുണ്ടായ കാലതാമസമാണ് നിർമ്മാണ പുരോഗതിയേയും പദ്ധതിയുടെ പൂർത്തീകരണത്തേയും സാരമായി ബാധിച്ചിട്ടുള്ളത്. കോവിഡ് നിയന്ത്രണങ്ങളും നിർമ്മാണത്തെ ബാധിച്ചിട്ടുണ്ട്. പുലിമുട്ട് ഒഴികെയുള്ള ഘടകങ്ങളുടെ നിർമ്മാണം പുരോഗമിച്ചിട്ടുണ്ട്. പാറ ലഭ്യമാക്കി നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ